# ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം

## പത്തനംതിട്ട

# ചങ്ങാത്തം

## USS EXAM

പഠന സഹായി

കരട്




## 2020 - 21

# ചങ്ങാത്തം

യു.എസ്.എസ്. പഠന സഹായി

## എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ

**പി.പി.വേണുഗോപാലൻ**
പ്രിൻസിപ്പാൾ, ഡയറ്റ് പത്തനംതിട്ട

എഡിറ്റർമാർ

**റജിൻ ഏബ്രഹാം**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

**ഡോ.ഷീജ.കെ**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

സബ് എഡിറ്റർമാർ

**അജീഷ്കുമാർ റ്റി.ബി**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

**ഡോ.ദേവി.കെ.കെ**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

**ഡോ.ശുഭ പി.വി**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

**അനിത എൻ.വി**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

**പി.ജി. സിന്ധു**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

അക്കാദമിക് കോർഡിനേറ്റർ

**ഡോ.ഷീജ.കെ**
ലക്ചറർ, ഡയറ്റ് പത്തനംതിട്ട

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെല്ലാം അക്കാദമിക മികവിന്റെ പാതയിലാണ്. ഭൗതിക സൗകര്യങ്ങളിലും അക്കാദമിക മേഖലകളിലും വലിയ മുന്നേറ്റങ്ങളാണ് വിദ്യാലയങ്ങൾ കാണിക്കുന്നത്. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാവുക, ഓരോ വിദ്യാർത്ഥിയും മികവിന്റെ ആളാവുക എന്ന വലിയ ലക്ഷ്യമാണ് നാം മുന്നോട്ടു വയ്ക്കുന്നത്. അതിനായി വിവിധ തലങ്ങളിൽ ഒട്ടേറെ പദ്ധതികളും പരിപാടികളുമാണ് പൊതു വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടു വയ്ക്കുന്നത്.

സ്കോളർഷിപ്പ് ലഭിക്കുന്നതിനുവേണ്ടി നാലാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി സംസ്ഥാന തലത്തിൽ നടത്തുന്ന പൊതുപരീക്ഷയാണ് എൽ.എസ്.എസ് പരീക്ഷ. അതുപോലെ ഏഴാം തരത്തിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള പൊതുപരീക്ഷയാണ് യു.എസ്.എസ്. പരീക്ഷ. പഠിക്കുന്ന വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന മിടുക്കരായ കുട്ടികൾക്കുള്ള പരീക്ഷകൾ കൂടിയാണിത്.

നേരത്തെ തന്നെ നമ്മുടെ സംവിധാനത്തിന്റെ ഭാഗങ്ങളാണെങ്കിലും എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷകൾ ഇന്ന് വലിയ തോതിൽ ജനശ്രദ്ധ നേടുകയും കുട്ടികളും അധ്യാപകരും വിദ്യാലയങ്ങളും സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുണ്ട്.

ഈ വർഷത്തെ എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷകളുമായി ബന്ധപ്പെട്ട് ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലേയും അധ്യാപകർക്ക്, കുട്ടികളെ പരീക്ഷയ്ക്ക് ഒരുക്കുന്നതുമായി ബന്ധപ്പെട്ട് പരീശീലനങ്ങൾ നൽകി. വിദ്യാലയ തലത്തിലും സബ്ജില്ലാ തലങ്ങളിലും ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഓൺലൈൻ പരിശീലനങ്ങൾ നൽകുകയും ചെയ്തു. വളരെ സജീവമായ പ്രവർത്തനങ്ങളാണ് സ്കൂൾ തലത്തിൽ നടന്നു പോകുന്നത്. അവയുടെ തുടർച്ചയാണ് എൽ.എസ്.എസ്., യു.എസ്.എസ്. വിദ്യാർത്ഥികൾക്കായി ഒരു പഠന സാമഗ്രി - ചങ്ങാത്തം - ഡയറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നത്. മേൽ പരീക്ഷകളുടെ വിഷയാടിസ്ഥാനത്തിലുള്ള മേഖലകളും അവയുടെ വിശദാംശങ്ങളും മാതൃക ചോദ്യങ്ങളും സമാന ചോദ്യങ്ങളും ഒക്കെയുൾപ്പെടുത്തി ജില്ലയിലെ മികച്ച അധ്യാപകരുടെ നേതൃത്വത്തിലാണ് ഈ പഠന സഹായി തയ്യാറാക്കിയിരിക്കുന്നത്.

ചങ്ങാത്തം പഠനസഹായി, പരീക്ഷയ്ക്ക് തയ്യാറാവുന്ന കുട്ടികൾക്കും അവരെ പരിശീലിപ്പിക്കുന്ന അധ്യാപകർക്കും നല്ലൊരു ചങ്ങാതിയായി മാറുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. ഇതിൽപ്പറഞ്ഞ കാര്യങ്ങൾക്ക് പുറമെ കൂടുതൽ അറിവുകൾ നേടിയെടുക്കാൻ ചങ്ങാത്തത്തിലൂടെ സാധിക്കട്ടെയെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ കുട്ടികൾക്കും വിജയാശംസകളോടെ,

**പി.പി.വേണുഗോപാലൻ**
**പ്രിൻസിപ്പാൾ**
ഡയറ്റ് പത്തനംതിട്ട

# പേജുകൾ മറിക്കുമ്പോൾ


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1. | ഒന്നാം ഭാഷ (ഭാഗം 1)<br>മലയാളം<br>പാർട്ട് എ | 1 |
| 2. | ഒന്നാം ഭാഷ (ഭാഗം 2)<br>മലയാളം<br>പാർട്ട് ബി | 22 |
| 3. | ഗണിതം<br>പാർട്ട് സി | 43 |
| 4. | ഇംഗ്ലീഷ്<br>പാർട്ട് ഡി | 54 |
| 5. | അടിസ്ഥാന ശാസ്ത്രം<br>പാർട്ട് ഇ | 66 |
| 6. | സാമൂഹ്യശാസ്ത്രം<br>പാർട്ട് എഫ് | 115 |

# USS

## പാർട്ട് എ

## ഒന്നാംഭാഷ – മലയാളം

## കേരളപാഠാവലി

# യൂണിറ്റ് 1
# ഓർമ്മകളുടെ ജാലകം

**പ്രവേശകം**

- കവി ആർ.രാമചന്ദ്രനുമായുള്ള അഭിമുഖം
- അജന്ത (കവിത)
- അജന്ത ഗുഹയിൽ ബുദ്ധന്റെ പ്രതിമയുടെ ചുണ്ടിൽ നാലുമണി കഴിഞ്ഞാൽ സൂര്യപ്രകാശം വന്നു വീഴും
- പ്രതിമ ജീവിതത്തെ ഓർത്ത് സഹതാപത്തോടെ പുഞ്ചിരിച്ചപോലെ തോന്നും
- അജന്തയിലേക്കുള്ള യാത്രചെയ്ത് വളരെക്കഴിഞ്ഞാണ് ആ കവിത രചിച്ചത്

## പാഠം1
## അളകനന്ദയിലെ വെള്ളാരംകല്ലുകൾ

- ഹിമവാന്റെ മുകൾത്തട്ടിൽ - യാത്രാവിവരണം
- അളകനന്ദയുടെ ഭംഗിയാണ് പിപ്പൽക്കോട്ടിയിലേക്കുള്ള യാത്ര എന്ന അധ്യായത്തിലെ പ്രതിപാദ്യം
- ഹിമാലയത്തിന്റെ അനന്യസൗന്ദര്യം
- അവിടെ ജീവിക്കുന്നവരുടെ/എത്തിപ്പെടുന്നവരുടെ അവസ്ഥാന്തരങ്ങൾ
- യാത്രകൾ ജീവിതം തന്നെ
  - യാത്രാനുഭവങ്ങൾ ജീവിതത്തിലെ കാണാപ്പുറങ്ങൾ നമ്മെ കാണിക്കുന്നു. അതിന്റെ ആനന്ദവും നൊമ്പരവും നാമറിയുന്നു.
- സിംലയുടെ കണ്ണുകളിൽ മിന്നിയ നക്ഷത്രപ്രഭ.
  - നക്ഷത്രം പോലെ ജ്വലിച്ചു നിൽക്കുന്ന കണ്ണുകൾ ചുവന്ന് കലങ്ങുന്നത് ഞാൻ കണ്ടു.
- ജമീന്ദാരി വ്യവസ്ഥ
  - ഓറഞ്ച് തോട്ടങ്ങളിൽ വിളവെടുക്കാറാകുമ്പോൾ ജമീന്ദാരുടെ കൂലിക്കാർ വന്ന് എല്ലാം പറിച്ചുകൊണ്ട് പോവും

**രാജൻ കാക്കനാടൻ**

- ചിത്രകാരൻ
- എസ്തപ്പാൻ സിനിമയിലെ നായകൻ
- നേരമില്ലാത്ത നേരത്ത് (നോവൽ)
- അമർനാഥ് ഗുഹയിലേക്ക് (യാത്രാവിവരണം)
- ഹിമവാന്റെ മുകൾത്തട്ടിൽ (യാത്രാവിവരണം)

**ചോദ്യങ്ങൾ**

1. ബുദ്ധന്റെ ആറടിപ്പൊക്കത്തിലുള്ള പൂർണ്ണകായ വിഗ്രഹമാണ്. അടി വരയിട്ട പദത്തിന്റെ അർത്ഥം താഴെപ്പറയുന്നവയിൽ ഏതാണ്?
   a. കല്ല്
   b. മരം
   c. ശരീരം
   d. ഉറപ്പ്
2. താഴെത്തന്നിരിക്കുന്നവയിൽ എസ് കെ പൊറ്റെക്കാടിന്റേതല്ലാത്ത യാത്രാവിവരണം ഏത്?
   a. നൈൽ ഡയറി
   b. ഹിമവാന്റെ മുകൾത്തട്ടിൽ
   c. കാപ്പിരികളുടെ നാട്ടിൽ
   d. ലണ്ടൻ നോട്ട് ബുക്ക്
3. സിംലയുടെ കണ്ണുകളിൽ മിന്നിയ നക്ഷത്രപ്രഭ എന്തിനെ സൂചിപ്പിക്കുന്നു ?
   a. യാത്രികനെ കണ്ട സന്തോഷം
   b. അപരിചിതനെ കണ്ടപ്പോൾ ഉള്ള നാണം
   c. ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ
   d. അവൾ അനുഭവിക്കുന്ന കഷ്ടപ്പാട്
4. ശർക്കര ചേർത്ത പാലില്ലാത്ത കറുത്ത ചായ. ഈ പ്രസ്താവനയിലൂടെ ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത് താഴെപ്പറയുന്നവയിൽ എന്താണ് ?
   a. ശർക്കര ചേർത്താൽ ചായ കറുത്തിരിക്കും

b. ഗഢ്വാളീ കുടുംബത്തിന്റെ ദാരിദ്ര്യം

c. ശർക്കരയിട്ടതിൽ പാൽ ചേരില്ല

d. പാലും ശർക്കരയും ചായയെ കറുപ്പിക്കുന്നു

5. ചുവന്നുകലങ്ങിയ കണ്ണുകൾ ഈ പ്രയോഗം സൂചിപ്പിക്കുന്ന ആശയം ?

a. യാത്രികന് എന്ത് തോന്നും എന്ന ചിന്ത

b. സഹോദരനെക്കുറിച്ചുള്ള ചിന്താഭാരം

c. ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ

d. അവൾ അനുഭവിക്കുന്ന കഷ്ടപ്പാട്

6. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം താഴെപ്പറയുന്നവയിൽ ഏത് ?

a. വർത്തമാനപ്പുസ്തകം

b. ഭാരതപര്യടനം

c. ബാലിദ്വീപ്

d. തടാകങ്ങളുടെ നാട്

7. നക്ഷത്രശോഭ എന്ന പദം വിഗ്രഹിച്ച് എഴുതിയാൽ ?

a. നക്ഷത്രവും ശോഭയും

b. നക്ഷത്രത്തിന്റെ ശോഭ

c. നക്ഷത്രമാകുന്ന ശോഭ

d. ശോഭയുള്ള നക്ഷത്രം

8. മാരിവില്ലിന്റെ വർണ്ണം, ഇതിൽ വർണ്ണം എന്ന പദം സൂചിപ്പിക്കുന്നത് എന്തിനെ ?

a. നിറം

b. ജാതി

c. അക്ഷരം

d. ഭംഗി

9. കൂട്ടത്തിൽ ചേരാത്തത് ?

a. വിനയപൂർവ്വം

b. ശ്രദ്ധാപൂർവ്വം

c. സ്നേഹപൂർവ്വം

d. അപൂർവ്വം

10. കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക ?

a. ശോഭ - ഭംഗി

b. ഉത്തുംഗം - ഉയർന്ന

c. പരിമളം - അളവ്

d. ഔത്സുക്യം - ഉത്സാഹം

| | | |
|---|---|---|
| 1. c | 5. b | 9. d |
| 2. b | 6. a | 10.c |
| 3. c | 7. b | |
| 4. b | 8. a | |

## പാഠം 2

## പൂക്കാതിരിക്കാനെനിക്കാവതില്ലേ

- കണിക്കൊന്നയുടെ ആത്മവിചാരം
- വിഷുക്കാലം
- നിയോഗം/പരിമിതി
- ഋതുഭേദ സൂചന

**അയ്യപ്പപ്പണിക്കർ**

- കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡ്
- സഞ്ജയൻ അവാർഡ്
- കബീർ പുരസ്ക്കാരം

**ചോദ്യങ്ങൾ**

1. 'ആധുനികതയുടെ ആധാരശില' എന്ന് അറിയപ്പെടുന്ന അയ്യപ്പപ്പണിക്കർ കൃതി ?

a. ഗോപികാ ദണ്ഡകം

b. മൃത്യുപൂജ

c. കുരുക്ഷേത്രം

d. കുരിതക്കൊമ്പ്

2. എവിടെന്റെ ഹരിതങ്ങളെല്ലാം മറഞ്ഞു? അടിവരിയിട്ട പദത്തിന്റെ അർത്ഥം ?

a. മഞ്ഞ

b. നീല

c. പച്ച

d. ചുവപ്പ്

3. താഴെക്കൊടുത്തിരിക്കുന്നവയിൽ വനരോദനം എന്ന ശൈലിയുടെ അർത്ഥമായി വരുന്നത്?

a. വ്യർത്ഥമായ അപേക്ഷ

b. പ്രകൃതിയുടെ കരച്ചിൽ

c. വെറുതെ പേടിപ്പിക്കുക

d. പരമാവധി ഉപദ്രവിക്കുക

4. കണ്ണ് എന്ന അർത്ഥം വരുന്ന പദം ?

a. ഇമ

b. നാസിക

c. നയനം

d. കർണ്ണം

5. കാടെവിടെ മക്കളേ എന്ന കവിത താഴെപ്പറയുന്നവരിൽ ഏത് കവിയുടേതാണ് ?

a. ഒ എൻ വി കുറുപ്പ്

b. അയ്യപ്പപ്പണിക്കർ

c. പി കുഞ്ഞിരാമൻ നായർ

d. സച്ചിദാനന്ദൻ

1. c, 2. c, 3. a, 4.c, 5. b

## പാഠം 3

# കൈയെത്താദൂരത്ത്

- ഗാന്ധിജിയെ ലളിതാംബിക അന്തർജനം സന്ദർശിച്ച അനുഭവം
- ശിവാനന്ദ സരസ്വതിയെ  സന്ദർശിച്ചതിന്റെ ഓർമ്മ
- ഗുരുദേവനെ ആദ്യമായി കണ്ട സ്ഥലവും കാലവും, ആ പ്രദേശത്തിന്റെ പ്രത്യേകതകൾ
- കുഞ്ഞുന്നാളിൽ നാണുവാശാൻ, നാരായണഗുരുസ്വാമി എന്നീ പേരുകൾ കേൾക്കാൻ ഇടയായ സാഹചര്യം
- ആറ്റിങ്ങൽ സബ് രജിസ്ട്രാർ പി എൻ രാമൻ സഹൃദയൻ, സംസ്ക്കാര സമ്പന്നൻ
- ഗുരുദേവന്റെ രൂപവർണ്ണന
- വർക്കലയുടെ ഭംഗി ആവിഷ്ക്കരിച്ചിരിക്കുന്നു
- ഗുരുദേവനെക്കുറിച്ച് ലളിതാംബികയുടെ പിതാവിന്റെ പ്രതികരണം
- അച്ഛന്റെ സംസാരസമയത്ത് പച്ചക്കിളിയുടെ പിന്നാലെ പോയ കുട്ടി

**ചോദ്യങ്ങൾ**

1. മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
   കല്ലിനുമുണ്ടാമൊരു സൗരഭ്യം- ഈ പഴഞ്ചൊല്ലിന്റെ വ്യാഖ്യാനം താഴെപ്പറയുന്നവയിൽ ഏത് ?
   a. മുല്ലപ്പൂവിന് സൗരഭ്യമുണ്ട്
   b. കല്ലിന് സൗരഭ്യമില്ല
   c. നല്ലയാളുകളുടെ സാമീപ്യം അല്ലാത്തവരിലും നന്മ നിറയ്ക്കും
   d. കല്ലിന് സൗരഭ്യം നൽകുന്നത് മുല്ലപ്പൂവാണ്
2. പച്ചക്കിളി ഇപ്പോഴും വിദൂരതയിൽത്തന്നെ. ഇവിടെ പച്ചക്കിളി എന്തിന്റെ സൂചനയാണ്?
   a. ലക്ഷ്യത്തിലേക്കുള്ള ബോധം
   b. പച്ചക്കിളിയെ ഒരിയ്ക്കലും പിടിക്കാൻ കഴിയില്ല
   c. പച്ചക്കിളി ഉയരത്തിലാണ് പറക്കുന്നത്

d. ദൂരെ മാറിയാണ് പച്ചക്കിളിയുടെ സ്ഥാനം

3. ശരിയായ പദം ഏത് ?

a. യാദൃശ്ചികം

b. യാദൃച്ഛികം

c. യാതൃശ്ചികം

d. യാതൃച്ഛികം

4. അഗ്നിസാക്ഷി എന്ന കൃതി ഏത് വിഭാഗത്തിൽപ്പെടുന്നു ?

a. ചെറുകഥ

b. നോവൽ

c. നിരൂപണം

d. സഞ്ചാര സാഹിത്യം

5. വിദ്യകൊണ്ട് പ്രബുദ്ധരാക്കുക

സംഘടനകൊണ്ട് ശക്തരാക്കുക എന്ന് ഉദ്ഘോഷിച്ച മഹാത്മാവ് ?

a. മഹാത്മാ ഗാന്ധി

b. രബീന്ദ്രനാഥ ടാഗോർ

c. സ്വാമി വിവേകാനന്ദൻ

d. ശ്രീനാരയണ ഗുരു

6. പിൽക്കാലം എന്ന പദം പിരിച്ചെഴുതിയാൽ ?

a. പിൽ + കാലം

b. പിൻ + കാലം

c. പില് + കാലം

d. പില + കാലം

1. c, 2. a, 3. b, 4.b, 5. d, 6.b

# യൂണിറ്റ് 2
# സ്വപ്നങ്ങൾ വാക്കുകൾ

## പാഠം 1
## അടയ്ക്ക പെറുക്കുന്നവർ

- കഥാസമാഹാരം - നരനായും പറവയായും
- പശ്ചാത്താപമേ പ്രായശ്ചിത്തം
- ഒരു കുല അടയ്ക്കയ്ക്ക് പകരം അടയ്ക്കാത്തോട്ടം
- ക്രൂരശിക്ഷയ്ക്ക് മധുരപ്രതികാരം
- മണ്ണ്, പ്രകൃതി, കൃഷി ഇവയോടുള്ള ഗാഢസ്നേഹം
- മനുഷ്യ മനസ്സിന്റെ ചെയ്തികൾ പലപ്പോഴും യുക്തികൾക്ക് അതീതമാണ്.
- പ്രധാന കഥാപാത്രം - ചന്ദ്രേട്ടൻ

**ചോദ്യങ്ങൾ**

1. ഇടശ്ശേരിയുടെ കൃതിയാണ് ഒരു പിടി നെല്ലിക്ക. ഒരു പിടി ഗോതമ്പ് ആരുടെ കൃതി ?
    a. സി.രാധാകൃഷ്ണൻ
    b. സന്തോഷ് ഏച്ചിക്കാനം
    c. സി വി ബാലകൃഷ്ണൻ
    d. വി കെ എൻ
2. മൂക്കിന്റെ താഴെ ഇടതുവശത്തായി ഒരു കരുവാറ്റ പുരികത്തിൽ വന്നു വീഴുന്ന കോലൻമുടി, ഒരു പാമ്പിൻപത്തിയുടെ സർവ്വാധികാരത്തോടുകൂടി കൊത്താൻ തയ്യാറായി നിൽക്കുന്ന മുക്ക്. ഓർമ്മയിൽ വരുന്ന കഥാപാത്രം ഏത് ?
    a. ബിക്രം സിംഗ്
    b. മന്ദപ്പൻ
    c. ചന്ദ്രേട്ടൻ
    d. ജഗൻ
3. മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി പരിഗണിക്കുന്ന കൃതി ?
    a. മാണിക്കൻ
    b. വെള്ളപ്പൊക്കത്തിൽ
    c. വാസനാ വികൃതി
    d. നീല വെളിച്ചം

4. ബുദ്ധമതാശയങ്ങളും താവോയിസവും സംഗമിച്ചുണ്ടായ കഥകൾ ഏതുപേരിൽ അറിയപ്പെടുന്നു ?

   a. മുല്ലാക്കഥകൾ
   b. സൂഫിക്കഥകൾ
   c. സെൻകഥകൾ
   d. ബീർബൽ കഥകൾ

5. 'ഇല്ലത്തെ പൂച്ച' ഈ ശൈലീപ്രയോഗത്തിന്റെ അർത്ഥം ?

   a. ഇല്ലത്ത് പാർക്കുന്ന പൂച്ച
   b. എവിടെയും പ്രവേശനം
   c. ഇല്ലത്ത് കയറി വന്ന പൂച്ച
   d. ഇല്ലാത്ത പൂച്ച

6. അവന്റെ <u>തിരോധാനം</u> നാടിനെ നടുക്കി. അടി വരയിട്ട പദത്തിന്റെ അർത്ഥം ?

   a. മരണം
   b. മറയൽ
   c. മാറ്റം
   d. പെരുമാറ്റം

7. 'നന്തനാർ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ?

   a. പി സി കുട്ടികൃഷ്ണൻ
   b. പി സി ഗോപാലൻ
   c. ഉണ്ണികൃഷ്ണൻ പുതൂർ
   d. സി വി ബാലകൃഷ്ണൻ

8. സന്തോഷ് ഏച്ചിക്കാനത്തിന്റെ പ്രസിദ്ധമായ ഒരു കൃതി ?

   a. പരൽമീൻ നീന്തുന്ന പാടം
   b. ഇനി ഞാൻ ഉറങ്ങട്ടെ
   c. കൊമാല
   d. അശ്വതി

1. b, 2. c, 3. c, 4.c, 5. b, 6. b, 7.b, 8.c

## പാഠം 2
# വീണപൂവ്

- പൂവിനോട് എന്ന മട്ടിൽ മനുഷ്യജീവിതത്തിന്റെ അവസ്ഥാ വിശേഷങ്ങൾ കവി പറയുന്നു.
- ജീവിതം നശ്വരമാണെങ്കിലും അതിനെ അർത്ഥപൂർണമാക്കാനാണ് നാം ശ്രമിക്കേണ്ടത്.
- പ്രതീകാത്മകമായ കവിതാരീതി

1. കായിക്കരയിലെ മണ്ണ് എന്ന അനുസ്മരണ കൃതിയിൽ പരാമർശിക്കുന്ന കവി ?
   a. വള്ളത്തോൾ
   b. കുമാരനാശാൻ
   c. ഉള്ളൂർ
   d. പി കുഞ്ഞിരാമൻ നായർ
2. പല്ലവപുടം പല്ലവത്തിന്റെ പുടമായാൽ താരാജാലം ?
   a. താരങ്ങളുടെ ജാലം
   b. താരങ്ങളാൽ ജാലം
   c. താരത്തിന്റെ ജാലം
   d. താരവും ജാലവും
3. ആടലെന്യേ എന്ന വാക്കിന്റെ അർത്ഥം ?
   a. ഐശ്വര്യത്തോടെ
   b. നിശ്ശബ്ദമായ അവസ്ഥ
   c. ദുഃഖമില്ലാതെ
   d. അനന്തരം
4. താളം വ്യത്യസ്തമായ വരികൾ ഏത് ?
   a. ശീതം തഴച്ചൊരു ഹേമന്തകാലവും
      ആ മന്ദം പോന്നിങ്ങു വന്നിതപ്പോൾ
   b. ചേതന പോലവേ കാത്തതല്ലേ
      ചേച്ചിയീച്ചേലണിപ്പാവകളെ
   c. നീയ്യിതുകാൺ കൊരാൺ കുഞ്ഞിതാ തൻ കുഞ്ഞി
      ക്കയ്യിൽ ചെറിയ പാൽപ്പാത്രവുമായ്
   d. ആവൂ വിശപ്പില്ലേ കാച്ചിയ പാലിതാ
      തൂവെള്ളിക്കിണ്ണത്തിൽ തേൻ കുഴമ്പും
5. ഐശ്വര്യം ഭൂമിയിൽ സ്ഥിരമല്ല- ഈ ആശയം സൂചിപ്പിക്കുന്ന പ്രസ്താവന താഴെപ്പറയുന്ന വയിൽ ഏത് ?
   a. ഭാവം പകർന്നു വദനം

b. ശ്രീഭൂവിലസ്ഥിര

c. ആ ഭൂതിയെങ്ങ് പുനരെങ്ങ്

d. ജാലത്തൊടുന്മുഖതയാർന്ന്

6. കൂട്ടത്തിൽപ്പെടാത്തത് ഏത് ?

a. പ്രതിദിനം

b. പ്രതിമാസം

c. പ്രതിവർഷം

d. പ്രതികരണം

7. കൂട്ടത്തിൽച്ചേരാത്തത് കണ്ടെത്തുക ?

a. കൈകാലുകൾ

b. അച്ഛനമ്മമാർ

c. സൂര്യചന്ദ്രന്മാർ

d. പൂന്തെന്നൽ

8. വീണപൂവ് എന്ന ഖണ്ഡകാവ്യം ആദ്യമായി പ്രസിദ്ധീകരിച്ച പത്രം ?

a. സ്വദേശാഭിമാനി

b. മിതവാദി

c. രാജ്യസമാചാരം

d. പശ്ചിമതാരക

9. പൂവിനെ ലോകതത്ത്വം പഠിപ്പിച്ചതാര് ?

a. കിളികൾ

b. താരങ്ങൾ

c. ഇളയമൊട്ടുകൾ

d. ആലോലവായു

10. 2019 ലെ വീണപൂവ് ശതാബ്ദി സ്മാരക പുരസ്ക്കാരം നേടിയ സാഹിത്യകാരൻ ?

a. അക്കിത്തം അച്യുതൻ നമ്പൂതിരി

b. വെള്ളായണി അർജ്ജുനൻ

c. പി സച്ചിദാനന്ദൻ

d. ടി പത്മനാഭൻ

1. b, 2. a, 3. c, 4.b, 5. b, 6.d, 7.d, 8.b, 9.b, 10.b

## പാഠം 3

# കതുവന്നൂർ വീരൻ

- ഉത്തരകേരളത്തിലെ തികച്ചും ജനകീയവും അനുഷ്ഠാനപരവുമായ നൃത്ത നാടകം
- തെയ്യാട്ടം എന്ന പേരിലും അറിയപ്പെടുന്നു
- മാങ്ങാട്ട് മന്ദപ്പൻ എന്ന ധീരയോദ്ധാവിനെയാണ് കതുവന്നൂർ വീരനായി ആരാധിയ്ക്കുന്നത്.
- സ്വന്തം കഴിവിനെ അംഗീകരിക്കേണ്ടവർ അംഗീകരിച്ചില്ല എന്നു മാത്രമല്ല അതിനെതിരായി നിലകൊള്ളുകയും ചെയ്യുന്നതാണ് അവന്റെ ജീവിതത്തെ സാരമായി ബാധിച്ചത്
- പുത്രതുല്യം സ്നേഹം പകർന്നു നൽകിയ അമ്മാവനും അമ്മായിയും സഹോദര സ്നേഹ ത്തിന്റെ മാധുര്യം കൊടുത്ത അണ്ണുക്കനുമാണ് ഈ പദവിയിലേക്ക് മന്ദപ്പനെ ഉയർത്തിയത്
- എല്ലാ നാടൻ കലാരൂപങ്ങളിലും മറ്റുള്ളവയിൽ നിന്നും തികച്ചും വിഭിന്നമായതും, ശൈലീ കൃതവുമായ ഒരു പ്രത്യേക ഭാഷാസ്നേഹം അടങ്ങിയിട്ടുണ്ട്

**ചോദ്യങ്ങൾ**

1. കൊന്ന പൂത്തപ്പോലൊരു പെണ്ണ് ഈപ്രയോഗത്തിന്റെ അർത്ഥം താഴെപ്പറയുന്നവയിൽ നിന്നും കണ്ടെത്തുക ?
   a. കൊന്നപ്പൂവിന്റെ നിറമുള്ളവൾ
   b. നിറയെ കൊന്നപ്പൂ ചൂടിയവൾ
   c. വസന്തകാലത്തെ സൂചിപ്പിക്കുന്നു
   d. സുന്ദരിയായ യുവതി
2. ദൂരെ കുടകുമലയിൽ പൂമരങ്ങൾ പലവട്ടം പൂത്തു തളിർത്തു. മാനം പലവട്ടം കരഞ്ഞു ചിരിച്ചു - ഈ വരികൾ നൽകുന്ന സൂചന എന്ത് ?
   a. കാലം വളരെ കടന്നു പോയി
   b. പൂക്കാലം വന്നെത്തി
   c. മഴക്കാലത്തും മരങ്ങൾ പൂക്കുന്നു
   d. കുടക് മലയുടെ ഭംഗി
3. തെയ്യത്തിന്റെ പാട്ട് അറിയപ്പെടുന്നത് ?
   a. തോറ്റം പാട്ട്
   b. സർപ്പപ്പാട്ട്

c. കളമെഴുത്തും പാട്ടും

d. നാടൻപാട്ട്

4. തെയ്യം എന്ന കലാരൂപവുമായി ബന്ധപ്പെട്ടിട്ടില്ലാത്ത വാചകം ഏത് ?

a. തോറ്റം കേൾക്കുന്നതോടെ കെട്ടുന്ന ആൾ തെയ്യമായി മാറുന്നു

b. മങ്ങാട്ട് മന്ദപ്പൻ എന്ന വീരയോദ്ധാവിനെയാണ് തെയ്യമായി ആരാധിക്കുന്നത്

c. മധ്യതിരുവിതാംകൂറിന്റെ തനതു കലയാണ്

d. ഉത്തരകേരളത്തിലെ ഒരു ജനകീയ അനുഷ്ഠാന നൃത്ത വിശേഷമാണിത്

5. "ആയുധം പോയതും ആയുസ്സു പോയതും എനിക്ക് ഒരു പോലെയാ" ഈ വാക്യം സൂചിപ്പിക്കുന്ന ഉചിതമായ പ്രസ്താവന താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നും കണ്ടെത്തുക ?

a. സങ്കടം

b. അച്ഛനോടുള്ള അമർഷം

c. ആയോധന കലയോടുള്ള അതിരറ്റ പ്രതിപത്തി

d. കുറ്റബോധം

1. d, 2. a, 3. a, 4.a, 5. c

## പാഠം 3

## അഴീക്കോട് സംസാരിക്കുന്നു

- ഡോ. സുകുമാർ അഴീക്കോടുമായി പ്രൊഫ. എം.എൻ കാരശ്ശേരി നടത്തിയ അഭിമുഖം
- കാരശ്ശേരിയുടെ 'സംസാരം' എന്ന പുസ്തകത്തിൽ നിന്ന് എടുത്തത്
- അഴീക്കോടിന്റെ പ്രസംഗങ്ങൾ അപൂർവ്വമായ സാംസ്കാരിക പ്രവർത്തനമായിരുന്നു.

1. ജന്മനാ കിട്ടിയത് എന്നർത്ഥം വരുന്നപദം

a. ജന്മഗേഹം

b. ജന്മഗൃഹം

c. ജന്മസിദ്ധം

d. ജന്മദേശം

2. സുകുമാർ അഴിക്കോടിന്റെ അഭിപ്രായത്തിൽ പ്രാധാന്യമുള്ള പ്രസംഗം
   a. ചെറിയ സദസ്സുകളിലെ പ്രസംഗം
   b. വലിയ സദസ്സുകളിലെ പ്രസംഗം
   c. പണ്ഡിതന്മാരോട് മാത്രമുള്ള പ്രസംഗം
   d. ശിഷ്യന്മാരോട് മാത്രമുള്ള പ്രസംഗം
3. ഭാവനയുടെ അംശം പോലും ഇല്ലാതിരുന്നിട്ടും പ്രസംഗവേദിയിൽ ജോസഫ് മുണ്ടശ്ശേരി അധ്യക്ഷനായിരുന്നു. ഇതിന് കാരണമായി സുകുമാർ അഴിക്കോട് ചൂണ്ടിക്കാണിക്കുന്നത്
   a. അദ്ദേഹത്തിന്റെ പ്രസംഗം ആശയ സംവാദം മാത്രമാണ്
   b. ആശയ പ്രചരണത്തിൽ മാത്രം കേന്ദ്രീകരിച്ച പ്രസംഗം
   c. ആത്മാവിഷ്ക്കാരം നടത്തുന്ന ഒരു കലാകാരന്റെ അർത്ഥത ഉൾക്കൊള്ളുന്ന പ്രസംഗ രീതി
   d. ഗദ്യമോ പദ്യമോ ഉദ്ധരിക്കാത്ത പ്രസംഗരീതി

4. അവിസ്മരണീയം - മറക്കാനാവാത്ത എങ്കിൽ അനിർവചനീയം എന്ന വാക്കിന്റെ അർത്ഥം താഴെപ്പറയുന്നവയിൽ ഏതാണ്?
   a. പൊറുക്കാനാവാത്തത്
   b. കൊടുക്കാനാവാത്തത്
   c. വിശദീകരിക്കാനാവാത്തത്
   d. എടുക്കാനാവാത്തത്
5. ശരിയായ പദം ഏത്?
   a. ചാരിതാർഥ്യം
   b. ചരിതാർഥ്യം
   c. ചാരിദാർഥ്യം
   d. ചാരിതാർധ്യം
6. താഴെക്കൊടുത്തിരിക്കുന്നതിൽ സുകുമാർ അഴിക്കോടിന്റേതല്ലാത്ത കൃതി
   a. തത്വമസി
   b. മുൻപേ പറക്കുന്ന പക്ഷികൾ
   c. ആശാന്റെ സീതാകാവ്യം
   d. ജി.ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു

7. ഈ കൂട്ടത്തിൽപ്പെടാത്തത് ഏത്?

   a. ജന്മസിദ്ധം
   b. സ്വതസിദ്ധം
   c. ശൈശവസിദ്ധം
   d. പ്രസിദ്ധം

8. താഴെപ്പറയുന്നവയിൽ ഉറവിടം എന്ന അർത്ഥം വരുന്ന പദമേത്?

   a. ധോരണി
   b. സ്രോതസ്സ്
   c. സംപ്രേഷണം
   d. ദർശനം

9. ആത്മാവിഷ്ക്കാരം എന്ന പദം പിരിച്ചെഴുതിയാൽ

   a. ആത്മാവ് + ആവിഷ്ക്കാരം
   b. അത്മ + അവിഷ്ക്കാരം
   c. ആത്മ + ആവിഷ്ക്കാരം
   d. ആത്മാവിൽ + ആവിഷ്ക്കാരം

10. ശരിയായ പദം തെരഞ്ഞെടുക്കുക

   a. അതിഥി
   b. അഥിതി
   c. അധിതി
   d. അതിധി

11. 'കൈ' എന്നതിന് പകരം വരാത്ത പദം ഏത്

   a. ബാഹു
   b. പാണി
   c. ഗാത്രം
   d. കരം

1. a, 2. b, 3. c, 4.a, 5. a, 6.b, 7.d, 8.b, 9.c, 10.a, 11.c

## പാഠം 4

# എനിക്ക് ഒരു സ്വപ്നമുണ്ട്

- അമേരിക്കൻ വർണവിവേചനത്തിനെതിരെ സമരത്തിന് നേതൃത്വം നൽകിയ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന്റെ പ്രസിദ്ധ പ്രസംഗം
- 1963 ആഗസ്റ്റ് 28 ന് വാഷിംഗ്ടൺ ഡിസിയിലെ എബ്രഹാം ലിങ്കൺ സ്മാരകത്തിന്റെ എതിർവശത്തുള്ള നാഷണൽ മാളിൽ നടന്ന പ്രസംഗം
- എല്ലാ മനുഷ്യർക്കും തുല്യനീതിയും പരിഗണനയും

1. 'പ്രകാശഗോപുരം' എന്ന പദം വിഗ്രഹിക്കുമ്പോൾ
   a. പ്രകാശം കൊണ്ടുള്ള ഗോപുരം
   b. പ്രകാശത്തിന്റെ ഗോപുരം
   c. പ്രകാശമുള്ള ഗോപുരം
   d. പ്രകാശത്താൽ ഗോപുരം
2. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന പ്രയോഗത്തിന് അർത്ഥമായി വരുന്ന പ്രസ്താവന
   a. ചത്താലും ജീവിക്കും
   b. ഒരിയ്ക്കലും ചാവില്ല
   c. പ്രയോജനമില്ലാത്ത അവസ്ഥ
   d. ഇവയൊന്നുമല്ല
3. സൃഷ്ട്യുന്മുഖം എന്ന പദം പിരിച്ചാൽ
   a. സൃഷ്ടി + ഉന്മുഖം
   b. സൃഷ്ട്യു + മുഖം
   c. സൃഷ്ട്യുൻ + മുഖം
   d. സൃഷ്ടിൻ + മുഖം
4. ഒറ്റയ്ക്ക് ഒരു നടത്തം -എന്നതുകൊണ്ട് പാഠഭാഗത്ത് ഉദ്ദേശിക്കുന്നത്
   a. തനിയെ നടക്കൽ
   b. ഒറ്റയ്ക്ക് ജീവിക്കൽ
   c. കൂട്ടായ്മയില്ലാത്ത പ്രവർത്തനം
   d. ഇവയൊന്നുമല്ല
5. താഴെപ്പറയുന്നവയിൽ ആഹ്വാന ശബ്ദം ഏത്?
   a. മുഴങ്ങണം

b. മുഴങ്ങട്ടെ

c. മുഴങ്ങും

d. മുഴങ്ങി

6. നിമ്നോന്നതം പിരിച്ചെഴുതിയാൽ

a. നിമ്ന + ന്നതം

b. നിമ്ന + ഉന്നതം

c. നിമ്നോ+ ഉന്നതം

d. നിമ്നോന + ഉന്നതം

7. മാർട്ടിൻ ലൂഥർ കിങ്ങിന്റെ ചരിത്ര പ്രസിദ്ധമായ പ്രസംഗം നടന്ന സ്ഥലം

a. കാനഡ

b. അലബാമ

c. വാഷിങ്ടൺ

d. ഇവയൊന്നുമല്ല

8. ആകൃതി എന്നർത്ഥം വരുന്ന പദം താഴെപ്പറയുന്നവയിൽ ഏത്

a. ആകരം

b. ആകാരം

c. അചലം

d. അമരം

9. പൗരാവകാശം എന്ന പദം പിരിച്ചെഴുതിയാൽ

a. പൗരാ + അവകാശം

b. പൗര + അവകാശം

c. പൗര + ആവകാശം

d. പൗരാ + അവകാശം

10. കൂട്ടത്തിൽപ്പെടാത്തത് ഏത്?

a. രാവ്

b. നിശ

c. നിശീഥിനി

d. തമസ്സ്

| |
|---|
| 1. b, 2. c, 3. a, 4.c, 5. b, 6.b, 7.c, 8.b, 9.b, 10.d |

# പുരസ്ക്കാരങ്ങൾ

## എഴുത്തച്ഛൻ പുരസ്ക്കാരം

സാഹിത്യത്തിനുള്ള സമഗ്ര സംഭാവനയ്ക്ക് കേരള സർക്കാർ ഏർപ്പെടുത്തിയ പരമോന്നത സാഹിത്യ പുരസ്ക്കാരമാണ് ഇത്. അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്ക്കാരം. എഴുത്തച്ഛൻ പുരസ്ക്കാരം ആദ്യം നേടിയത് **1993 ൽ ശ്രീ ശൂരനാട് കുഞ്ഞൻപിള്ളയാണ്**

- 2019 ൽ പി സച്ചിദാനന്ദൻ
- 2020 ൽ പോൾ സക്കറിയ

## വയലാർ പുരസ്ക്കാരം

മലയാള സാഹിത്യ സംഭാവനകൾക്ക് നൽകുന്ന പുരസ്ക്കാരം. ശ്രീ വയലാർ രാമവർമ്മയുടെ ഓർമ്മയ്ക്കായി നൽകി വരുന്നു. ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ തീർത്ത ശിൽപവും അടങ്ങിയതാണ് പുരസ്ക്കാരം.

**1977 ൽ ശ്രീ ലളിതാംബിക അന്തർജനം ആണ് ഈ പുരസ്ക്കാരം ആദ്യം നേടിയത്.**

- 2019 ൽ വി.ജെ ജെയിംസ്
- 2020 ൽ ഏഴാച്ചേരി രാമചന്ദ്രൻ

## ഓടക്കുഴൽ പുരസ്ക്കാരം

ജ്ഞാനപീഠം നേടിയ മലയാള കവി ജി.ശങ്കരക്കുറുപ്പ് ഏർപ്പെടുത്തിയതാണ് ഈ പുരസ്ക്കാരം. 1969 ൽ ഓടക്കുഴൽ പുരസ്ക്കാരം ആദ്യമായി നേടിയത് **ശ്രീ വെണ്ണിക്കുളം ഗോപാലക്കുറുപ്പ് ആണ്.**

- 2019 ൽ എൻ പ്രഭാകരൻ

## ആശാൻ സ്മാരക കവിതാ പുരസ്ക്കാരം

മഹാകവി കുമാരനാശാന്റെ സ്മരണയ്ക്കായി ആരംഭിച്ച സാഹിത്യ പുരസ്ക്കാരം. മലയാള ഭാഷയിലെ മികച്ച കവികളെ ആദരിക്കുന്നതിനായി എല്ലാ വർഷവും ഡിസംബർ 10 ന പുരസ്ക്കാരം സമർപ്പിക്കുന്നു. 50,000 രൂപ ശിൽപം, പ്രശസ്തി പത്രം എന്നിവ ഉൾപ്പെടുന്നതാണ് അവാർഡ്.

**ആദ്യമായി ആശാൻ സ്മാരക കവിതാ പുരസ്ക്കാരം നേടിയത് 1985 ൽ സി.മണിയാണ്.**

- 2019 ൽ എസ് രമേശൻ

## മാതൃഭൂമി സാഹിത്യപുരസ്ക്കാരം

മാതൃഭൂമി ആഴ്ചപ്പതിപ്പ് മലയാളത്തിലെ വലിയ സാഹിത്യകാരന്മാരെ ആദരിക്കാൻ ഏർപ്പെടുത്തിയ സാഹിത്യ പുരസ്ക്കാരം ആണിത്. 2000 മുതലാണ് ഈ പുരസ്ക്കാരം നൽകി തുടങ്ങിയത്. പ്രശസ്തിപത്രം, ശിൽപം, മൂന്നുലക്ഷം രൂപ എന്നിവ അടങ്ങുന്നതാണ് പുരസ്ക്കാരം.
**ആദ്യമായി പുരസ്ക്കാരം നേടി ശ്രീ തിക്കോടിയൻ ആണ്.**

- 2019 ൽ യു.എ. ഖാദർ
- 2020 ൽ കെ. സച്ചിദാനന്ദൻ

## മുട്ടത്തുവർക്കി അവാർഡ്

മലയാളത്തിലെ നോവലിസ്റ്റായ മുട്ടത്തു വർക്കിയുടെ ഓർമ്മയ്ക്കായി ഏർപ്പെടുത്തിയ പുരസ്ക്കാരം. 1992 ലാണ് അവാർഡ് ഏർപ്പെടുത്തിയത്. **ആദ്യ അവാർഡ് നേടിയത് ശ്രീ ഒ.വി. വിജയൻ ആണ്.** 2015 ൽ ശ്രീ കെ.സച്ചിദാനന്ദൻ അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ കവിയായി. മുട്ടത്തുവർക്കി മലയാള സാഹിത്യത്തിലേക്ക് അരങ്ങേറ്റം കുറിച്ചതിന്റെ 75-ാം വാർഷികം ആയിരുന്നു 2015. അതിനാൽ അക്കൊല്ലത്തെ അവാർഡ് കവിതയ്ക്ക് നൽകാൻ തീരുമാനിച്ചു.

- 2018 ൽ കെ.ആർ മീര
- 2019 ൽ ബെന്യാമിൻ

## പത്മപ്രഭാ പുരസ്ക്കാരം

ആധുനിക വയനാടിന്റെ ശിൽപികളിൽ പ്രമുഖനായ എം.കെ. പത്മപ്രഭാ ഗൗഡരുടെ പേരിൽ ഏർപ്പെടുത്തിയ പുരസ്ക്കാരം. (മാതൃഭൂമി മാനേജിംഗ് ഡയറക്ടർ ആയിരുന്ന എം.പി വീരേന്ദ്ര കുമാറിന്റെ അച്ഛൻ)

75000 രൂപയും പത്മരാഗ കല്ല് പതിച്ച ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്ക്കാരം 1996 മുതൽ നൽകി വരുന്നു. **ആദ്യമായി ഈ അവാർഡ് ലഭിച്ചത് ശ്രീ ഉണ്ണിക്കൃഷ്ണൻ പുതൂരിന് ആണ്.**

- 2019 ൽ സന്തോഷ് എച്ചിക്കാനം
- 2020 ൽ ശ്രീകുമാരൻ തമ്പി

## ഒ.എൻ.വി പുരസ്ക്കാരം

മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി കുറുപ്പിന്റെ (ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുകുറുപ്പ്) സ്മരണയ്ക്കായി നൽകുന്ന പുരസ്ക്കാരം. മൂന്ന് ലക്ഷം രൂപയും ശില്പവും പ്രശസ്തിപത്രവും ഉൾപ്പെട്ടതാണ് പുരസ്ക്കാരം. **ഈ പുരസ്ക്കാരം ആദ്യമായി നേടിയത് 2017 ൽ ശ്രീമതി സുഗതകുമാരി ടീച്ചർ ആണ്.**

- 2019 ൽ അക്കിത്തം അച്യുതൻ നമ്പൂതിരി
- 2020 ൽ ഡോ.എം. ലീലാവതി

## ബഷീർ സാഹിത്യപുരസ്ക്കാരം

ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മണയ്ക്കായി നൽകി വരുന്നു. 50,000 രൂപയും ശില്പവും അടങ്ങുന്നതാണ് പുരസ്ക്കാരം. **ആദ്യമായി അവാർഡ് നേടിയത് 2008 ൽ എൻ പ്രഭാകരൻ ആണ്.**

- 2019 ൽ ടി പത്മനാഭൻ

## ചെറുകാട് പുരസ്ക്കാരം

മലയാളത്തിലെ നോവലിസ്റ്റും കഥാകൃത്തും ആയിരുന്ന ചെറുകാട് എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന ഗോവിന്ദ പിഷാരടിയുടെ സ്മരണാർത്ഥം നൽകുന്ന പുരസ്ക്കാരം. **ആദ്യമായി ഈ അവാർഡ് നേടിയത് 1978 ൽ കെ എസ് നമ്പൂതിരിയാണ്.**

- 2019 ൽ എം കെ മനോഹരൻ
- 2020 ൽ എം പി പരമേശ്വരൻ

**ഇടശ്ശേരി പുരസ്ക്കാരം**

ശക്തിയുടെ കവി എന്നറിയപ്പെടുന്ന ഇടശ്ശേരി ഗോവിന്ദൻ നായരുടെ സ്മരണാർത്ഥം ഇടശ്ശേരി സ്മാരക സമിതി ഏർപ്പെടുത്തിയ അവാർഡ്. 50,000 രൂപയും പ്രശസ്തി ഫലകവും അടങ്ങിയ താണിത്. **1982 ൽ ആരംഭിച്ച അവാർഡ് ആദ്യമായി നേടിയത് ശ്രീ എൻ കെ ദേശം ആണ്.**

2019 ൽ നാല് പേർ പങ്കിട്ടു

- ഉണ്ണി ആർ
- ജി ആർ ഇന്ദു ഗോപൻ
- വി ആർ സുധീഷ്
- ഇ. സന്ധ്യ

2020 ൽ നാല് പേർ പങ്കിട്ടു

- ഡോ പി സോമൻ
- ഡോ എൻ അജയകുമാർ
- ഡോ എസ് എസ ശ്രീകുമാർ
- ഡോ ഇ. എം. സുരജ

## കേരള സാഹിത്യ അക്കാദമി അവാർഡുകൾ

- എൻ ഹരീഷിന്റെ മീശ (നോവൽ)
- പി രാമൻ (കവിത - രാത്രി പന്ത്രണ്ടരയ്ക്ക് ഒരു താരാട്ട്)
- എം ആർ രേണുകുമാർ (കവിത - കൊതിയൻ)
- വിനോയ് തോമസ് (ചെറുകഥ - രാമച്ചി)
- സജിത മഠത്തിൽ (നാടകം - അരങ്ങിലെ മത്സ്യഗന്ധികൾ)
- ജിഷ അഭിനയ (നാചകം - ഏലി ഏലി ലമാ സബക്താനി)
- ഡോ. കെ.എം അനിൽ (സാഹിത്യ വിമർശനം - പാന്ഥരും വഴിയമ്പലങ്ങളും)
- ജി.മധുസൂദനൻ (വൈജ്ഞാനിക സാഹിത്യം - നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി)
- ഡോ.ആർ വി.ജി.മേനോൻ (വൈജ്ഞാനിക സാഹിത്യം - ശാസ്ത്ര സാങ്കേതിക വിദ്യക ളുടെ ചിത്രം)
- എം.ജി. എസ്.നാരായണൻ (ജീവചരിത്രം/ആത്മകഥ - ജാലകങ്ങൾ ഒരു ചരിത്രാന്വേഷി യുടെ വഴികൾ കാഴ്ചകൾ)
- അരുൺ എഴുത്തച്ഛൻ (യാത്രാവിവരണം - വിശുദ്ധപാപങ്ങളുടെ ഇന്ത്യ)
- കെ.അരവിന്ദാക്ഷൻ (വിവർത്തനം - ഗോതമബുദ്ധന്റെ പരിനിർവ്വാണം)
- കെ ആർ വിശ്വനാഥൻ (ബാലസാഹിത്യം - ഹിസാഗ)
- സത്യൻ അന്തിക്കാട് (ഹാസ്യ സാഹിത്യം - ഈശ്വരൻ മാത്രം സാക്ഷി)

## 2019 ലെ കേരള സാഹിത്യ അക്കാദമി എൻഡോവ്മെന്റ് അവാർഡുകൾ

- പ്രൊഫ.പി മാധവൻ (ഐ സി ചാക്കോ അവാർഡ്)
- ഡി അനിൽകുമാർ (കനകശ്രീ അവാർഡ്)
- ബോബി ജോസ് കട്ടിക്കാട് (സി.ബി. കുമാർ അവാർഡ്)
- അമൽ (ഗീതാ ഹിരണ്യൻ അവാർഡ്)
- സന്ദീപാനന്ദ ഗിരി (കെ.ആർ നമ്പൂതിരി അവാർഡ്)
- സി.എസ്.മീനാക്ഷി (ജി.എൻ പിള്ള അവാർഡ്)
- ഇ.എം.സുരജ (തുഞ്ചൻ സ്മാരക പ്രബന്ധ മത്സരം) എന്നിവർ പുരസ്ക്കാരത്തിന അർഹരായി
- പി.വത്സല, എൻ.വി.പി. ഉണിത്തിരി – (അക്കാദമി വിശിഷ്ടാംഗത്വം) 50,000 രൂപയും രണ്ട് പവന്റെ സ്വർണ പതക്കവും പ്രശസ്തി പത്രവും പൊന്നാടയും ഫലകവുമാണ സമ്മാനം.
- എൻ.കെ.ജോസ്, പാലക്കീഴ് നാരായണൻ, പി അപ്പുക്കുട്ടൻ, റോസ് മേരി, യു.കലാനാഥൻ, സി.പി.അബൂബക്കർ – സമഗ്ര സംഭാവനയ്ക്കുള്ള പുരസ്ക്കാരം (മലയാള സാഹിത്യത്തിന് ഗണ്യമായ സംഭവനകൾ അർപ്പിച്ച 60 വയസ് പിന്നിട്ട എഴുത്തുകാർ)

# USS
# പാർട്ട് ബി
# അടിസ്ഥാനപാഠാവലി (BT)

1. സ്നേഹം ഭൂമിയായും വെള്ളമായും വായുവായും നിത്യനിദാനമായും നമുക്ക് പ്രത്യക്ഷമാവുന്നു എന്ന് ബോധ്യപ്പെടുത്തിയ കവി?
   a. ജി.ശങ്കരക്കുറുപ്പ്
   b. ജി.കുമാരപിള്ള
   c. ജി.അരവിന്ദൻ
   d. ജി.ശങ്കരപിള്ള
2. 'അനച്ചം' എന്ന വാക്കിന്റെ അർത്ഥം?
   a. കുളിര്
   b. ഉപ്പ്
   c. വലിയ ചൂട്
   d. ഇളം ചൂട്
3. 'ജീവൽ സ്പന്ദങ്ങൾ' എന്ന കവിത ഏത് കൃതിയിൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ്?
   a. പൂതപ്പാട്ട്
   b. അരളിപ്പൂക്കൾ
   c. സ്നേഹത്തിന്റെ വർത്തമാനം
   d. മഖൻസിംഗിന്റെ മരണം
4. "എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്
   എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്"
   എന്തിനെക്കുറിച്ചാണ് കവി ഇങ്ങനെ വിശേഷിപ്പിക്കുന്നത്?
   a. ദയ
   b. ഭക്തി
   c. സത്യം
   d. സ്നേഹം
5. കവിതയിൽ ആധുനിക പാരമ്പര്യശൈലികളെ കൂട്ടിയിണക്കിയ ശക്തിയുടെ കവി എന്നറിയപ്പെടുന്ന സാഹിത്യകാരൻ?
   a. ജി.കുമാരപിള്ള
   b. ഇടശ്ശേരി

c. ബെന്യാമിൻ

d. എം ആർ രേണുകുമാർ

6. 'കൊച്ചനുജൻ' എന്ന കവിതയിൽ സ്വപ്നത്തിന്റെ പ്രതീകമായി കവി പ്രയോഗിച്ച പദം ഏത്?

a. പീലി

b. പാവ

c. പളുങ്കുമാല

d. പുസ്തകം

7. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ ഇടശ്ശേരി കൃതി?

a. പൂതപ്പാട്ട്

b. കുറ്റിപ്പുറംപാലം

c. കൂട്ടുകൃഷി

d. കാവിലെ പാട്ട്

8. "അധികാരം കൊയ്യണമാദ്യം നാം

അതിൻമേലാകട്ടെ പൊന്നാര്യൻ"

ഈ വിപ്ലവാഹ്വാനം നൽകിയ കവി?

a. ഇടശ്ശേരി ഗോവിന്ദൻ നായർ

b. പി ഭാസ്ക്കരൻ

c. വൈലോപ്പിള്ളി ശ്രീധരമേനോൻ

d. വയലാർ രാമവർമ്മ

9. സംശയം എന്നർത്ഥം വരുന്ന വാക്കേത്?

a. ഇണ്ടൽ

b. ഈഷൽ

c. ചേതം

d. ചേതന

10. മലയാള സാഹിത്യത്തിൽ പൊന്നാനിക്കളരിയുടെ തുടക്കക്കാരനാര്?

a. ജി.കുമാരപിള്ള

b. ഇടശ്ശേരി

c. കുമാരനാശാൻ

d. വള്ളത്തോൾ

11. കൽ, മതിൽ ഈ പദങ്ങൾ ചേർത്തെഴുതിയാൽ കിട്ടുന്ന പദമേത്?

a. കമ്മതിൽ

b. കൽമതിൽ

c. കൻമ്മതിൽ

d. കന്മതിൽ

12. മന്ദം എന്ന വാക്കിന്റെ എതിർപദം?

a. മെല്ലെ

b. പതിയെ

c. ദ്രുതം

d. സാവധാനം

13. കൊച്ചനുജൻ മുതിർന്നവരുടെ സംസാരത്തെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

a. തേരോടിക്കാറ്റ്

b. തേനീച്ചക്കൂട്

c. പ്രാവിൻകൂട്

d. വള്ളിക്കുടിൽ

14. ഇടശ്ശേരിയുടെ കൃതിയായ കൂട്ടുകൃഷി ഏത് വിഭാഗത്തിൽപ്പെടുന്നു?

a. കഥ

b. നാടകം

c. കവിത

d. ജീവചരിത്രം

15. കണ്ടു കനത്ത കിനാവനേകം എന്ന പ്രയോഗത്തിന്റെ ആശയം താഴെപ്പറയുന്നവയിൽ ഏതാണ്?

a. കിനാവിൽ പലതും കണ്ടിരുന്നു

b. കിനാവുകൾ കണ്ടാണ് ഉറങ്ങിയത്

c. അനുജനെ കിനാവിൽ കണ്ടിരുന്നു

d. കിനാവുകൾ പോലും കടുപ്പമേറിയതായിരുന്നു

16. ചേച്ചിയും അനുജനും തമ്മിലുള്ള അഗാധവും ആർദ്രവുമായ സ്നേഹത്തെക്കുറിച്ച് 'കുഞ്ഞേടത്തി' എന്ന കവിതയെഴുതിയതാര്?

a. ഇടശ്ശേരി

b. ബാലചന്ദ്രൻ ചുള്ളിക്കാട്

c. ഒ.എൻ.വി

d. എൻ.വി.കൃഷ്ണവാര്യർ

17. ചെറുകഥാ സാഹിത്യത്തിലെ കുലപതി എന്നു വിശേഷണമുള്ള കഥാകൃത്ത് ആര്?

a. ഇ.വി കൃഷ്ണപിള്ള

b. പി വത്സല

c. കാരൂർ

d. ടി.പത്മനാഭൻ

18. ടി.പത്മനാഭന്റെ രചന അല്ലാത്തത്?

a. ഗൗരി

b. പ്രകാശം പരത്തുന്ന പെൺകുട്ടി

c. ബിരിയാണി

d. മരയ

19. അശ്വതിയിലെ പറിച്ചു നടപ്പെട്ട ചെടിയോട് കുട്ടിയെ ഉപമിച്ചതിലെ ഔചിത്യം എന്താണ്?

a. ചിരിക്കുന്ന മുഖം

b. കടയിൽ ഒറ്റക്ക് നിൽക്കുന്നത്

c. കുട്ടിയുടെ മുഖത്തെ ക്ഷീണഭാവം

d. കൂട്ടുകാരെ കണ്ടപ്പോഴുള്ള പെരുമാറ്റം

20. 'അശ്വതി' ചോദ്യങ്ങൾക്ക് കാര്യമായി പ്രതികരിക്കാതിരുന്നത് എന്തുകൊണ്ട്?

a. സംസാരശേഷി ഇല്ലാത്തതിനാൽ

b. ഭയമുണ്ടായിരുന്നതിനാൽ

c. വിശപ്പുണ്ടായിരുന്നതിനാൽ

d. ഭാഷ അറിയാത്തതിനാൽ

21. പക്ഷേ എന്റെ ശ്രദ്ധ ഇതിലൊന്നുമായിരുന്നില്ല.

അശ്വതിയിലെ കഥാകാരന്റെ ശ്രദ്ധ എന്തിലായിരുന്നു?

a. മനോഹരമായ പുഞ്ചിരിയിൽ

b. മനോഹരമായ കണ്ണുകളിൽ

c. സമൃദ്ധമായ മുടിയിൽ

d. മനോഹരമായ മിഠായി ഭരണിയിൽ

22. അക്ഷമനായി ഞാൻ വീട്ടിലിരുന്നു. എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

a. സന്തോഷത്തോടെ ഞാൻ വീട്ടിലിരുന്നു

b. ദുഃഖത്തോടെ ഞാൻ വീട്ടിലിരുന്നു

c. നിശബ്ദനായി ഞാൻ വീട്ടിലിരുന്നു

d. ക്ഷമയില്ലാതെ ഞാൻ വീട്ടിലിരുന്നു

23. 'എന്റെ മൂന്നാമത്തെ നോവൽ' എന്ന കഥാസമാഹാരം ആരുടേതാണ്?

a. സിവിക് ചന്ദ്രൻ

b. സന്തോഷ് എച്ചിക്കാനം

c. ടി പത്മനാഭൻ

d. കെ.പി.കേശവ മേനോൻ

24. 'കഴിഞ്ഞകാലം' എന്ന ആത്മകഥ ആരുടേതാണ്?

a. എം ടി വാസുദേവൻ നായർ

b. കെ.പി.കേശവമേനോൻ

c. ജോസഫ് മുണ്ടശ്ശേരി

d. കെ.പി അപ്പൻ

25. ഓരോ മനുഷ്യന്റെയും ലോകത്തെ സൃഷ്ടിക്കുന്നതെന്താണെന്നാണ് ആധുനിക മനഃശാസ്ത്രം വാദിക്കുന്നത്?

a. പാരമ്പര്യവും പരിസരവും

b. മനസ്സിന്റെ സ്ഥിതിയും പ്രവർത്തനഗതിയും

c. പണവും ഭാഗ്യവും

d. ജീവിതവും ആരോഗ്യവും

26. ഒരാളുടെ ജീവിതത്തെ വ്രണപ്പെടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീവിതത്തിന് ഒരു പുതിയ ഉദ്ദേശ്യമുണ്ടാക്കിയെന്ന് വരാം ഇതാരുടെ വരികളാണ്?

    a. ഉറൂബ്
    b. വൈക്കം മുഹമ്മദ് ബഷീർ
    c. ഒ വി വിജയൻ
    d. കെ പി കേശവമേനോൻ

27. ഒരാളുടെ ജീവിതത്തെ വ്രണപ്പെടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീവിതത്തിന് ഒരു പുതിയ ഉദ്ദേശ്യമുണ്ടാക്കിയെന്ന് വരാം - സമാന ആശയം വരുന്ന വരി ഏതാണ്?

    a. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
    b. ഒന്ന് ചീഞ്ഞ് മറ്റൊന്നിന വളമാകും
    c. കൊടുത്താൽ കൊല്ലത്തും കിട്ടും
    d. ഐക്യമത്യം മഹാബലം

28. സി വി ബാലകൃഷ്ണന്റെ പുസ്തകമല്ലാത്തത് ഏത്?

    a. ആയുസ്സിന്റെ പുസ്തകം
    b. പരൽമീൻ നീന്തുന്ന പാടം
    c. തടവറകളിൽ കലാപം
    d. ബാല്യകാലസഖി

29. 'അശ്വമേധം' എന്ന നാടകം എഴുതിയതാര്?

    a. വയലാർ
    b. ജി ശങ്കരപ്പിള്ള
    c. തോപ്പിൽഭാസി
    d. തോപ്പിൽ സോമൻ

30. വീടുകൾ അടച്ചുപൂട്ടിയായിരുന്നില്ല ആളുകൾ നാടകം കാണാൻ പോയിരുന്നത്. മുൻവാതിൽ വെറുതേ ചാരിയേക്കും അത്രമാത്രം. കാരണം എന്തായിരുന്നു?

    a. സത്യസന്ധതയും നിഷ്ക്കളങ്കതയും പരസ്പര വിശ്വാസവും കൂട്ടുത്തരവാദിത്ത്വവും ഉണ്ടായിരുന്നു.

b. വീടുകളിൽ കാവൽക്കാരെ നിയോഗിച്ചിരുന്നതിനാൽ

c. തീരെ ദരിദ്രരായിരുന്നതിനാൽ മോഷ്ടിക്കപ്പെടാൻ ഒന്നുമില്ലാത്തതിനാൽ

d. വീടുകളിൽ ഒന്നും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ

31. ശക്തിയുടെ കവി എന്നറിയപ്പെടുന്നത്?

a. ഇടശ്ശേരി

b. വയലാർ

c. വിജയലക്ഷ്മി

d. അനിതാ തമ്പി

32. പ്രബുദ്ധം എന്ന വാക്കിന്റെ അർത്ഥം?

a. അറിവില്ലായ്മ

b. കുറച്ച് അറിവ്

c. ബോധമുള്ള

d. അൽപ്പജ്ഞാനി

33. ശരിയായത് തിരഞ്ഞെടുത്തെഴുതുക?

a. നാം ഓരോരുത്തരുടേയും ജീവിത താത്പര്യങ്ങളാണ് മറ്റുള്ളവരുടെ ലോകത്തെ ഉണ്ടാക്കുന്നത്

b. ലോകം ഇരുൾ നിറഞ്ഞതാണ്. അതിലൂടെ ആർക്കും മുന്നേറാൻ കഴിയുകയില്ല

c. ഒരാൾ ലോക നേതാവാകുന്നത് അയാൾ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കാനും ഉണർത്താനും ശ്രമിക്കുന്നതിലൂടെയാണ്

d. നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നില്ല

34. ടോട്ടോച്ചാൻ പഠിച്ച സ്കൂളിന്റെ പേര്?

a. റ്റോമോസ്കൂൾ

b. നളന്ദ

c. ബനാറസ്

d. ശാന്തിനികേതൻ

35. ഒറ്റപ്പദമാക്കുക?

വികാരത്തിന് അധീനൻ -

a. വികാരാധീനൻ

b. വൈകാരികൻ

c. നിർവ്വികാരൻ

d. വികാര ജീവി

36. നിഷ്ക്രമിക്കുക എന്നതിന്റെ അർത്ഥം എന്ത് ?

a. മുന്നോട്ട് വരിക

b. വേഗത്തിൽ ഇരിക്കുക

c. പുറത്തേക്ക് പോകുക

d. അവിടെത്തന്നെ നിൽക്കുക

37. "പാമ്പുകൾക്ക് മാളമുണ്ട്, പറവൾക്കാകാശമുണ്ട് മനുഷ്യ പുത്രന് തലചായ്ക്കാൻ മണ്ണിലിട മില്ല" ഈ ഗാനം ഏത് നടകത്തിലേതാണ്?

a. കൂട്ടുകൃഷി

b. അശ്വമേധം

c. ആ മനുഷ്യൻ നീ തന്നെ

d. കൈയും തലയും പുറത്തിടരുത്

38. യവനിക എന്ന വാക്കിന്റെ അർത്ഥം?

a. തിരശ്ശീല

b. മടിശ്ശീല

c. കൈത്തല

d. വിശറി

39. താഴെപ്പറയുന്നവയിൽ നിന്ന് ശൈലീ പ്രയോഗത്തിന ഉദാഹരണം കണ്ടെത്തുക

a. ചെണ്ട കൊട്ടിക്കുക

b. കാണം വിറ്റും ഒണം ഉണ്ണണം

c. ഞെട്ടില്ല വട്ടയില

d. മുറ്റത്തെ ചെപ്പിന അടപ്പില്ല

40. ‘പരൽമീൻ നീന്തുന്ന പാടം’ ആരുടെ ആത്മകഥയാണ്?

a. സിവിക് ചന്ദ്രൻ

b. എം കൃഷ്ണൻ നായർ

c. സന്തോഷ് എച്ചിക്കാനം

d. സി വി ബാലകൃഷ്ണൻ

41. ‘അരങ്ങുണരുന്നു’ എന്ന പാഠഭാഗം ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ്?

a. ഓട്ടൻതുള്ളൽ

b. നാടകം

c. സിനിമ

d. ചാക്യാർകൂത്ത്

42. പഴയകാലത്ത് നാടകത്തിൽ വെളിച്ചതിനുപയോഗിച്ചിരുന്നത്?

a. മെഴുകുതിരി

b. ഹാലജൻ

c. പെട്രോമാക്സ്

d. മണ്ണെണ്ണ വിളക്ക്

43. അനാദിക്കട എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ?

a. ബാർബർഷോപ്പ്

b. പലവ്യഞ്ജനക്കട

c. തുണിക്കട

d. ഭക്ഷണശാല

44. ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നത്?

a. വൈക്കം മുഹമ്മദ് ബഷീർ

b. പുനത്തിൽ കുഞ്ഞബ്ദുള്ള

c. എൻ പി ഹാഫിസ് മുഹമ്മദ്

d. കെ പി രാമനുണ്ണി

45. ആദ്യകാലത്ത് ബഷീർ സ്വീകരിച്ചിരുന്ന തൂലികാ നാമം എന്ത്?

a. ഉറൂബ്

b. പ്രഭ

c. ശ്രീ

d. വിലാസിനി

46. ഞാൻ ആ മനുഷ്യന്റെ പേര് ചോദിച്ചു. അദ്ദേഹം പറഞ്ഞു എനിക്ക് പേരില്ല ബഷീർ ആ മനുഷ്യന് നൽകിയ പേര് എന്താണ്?

a. സ്നേഹം

b. കരുണൻ

c. ദയവ്

d. ഞ്ജാനി

47. മാതൃഭൂമി ദിനപ്പത്രത്തിന്റെ സ്ഥാപകൻ?

a. കെ പി രാമനുണ്ണി

b. കെ പി അപ്പൻ

c. കെ പി കേശവമേനോൻ

d. കെ മുരളീധരൻ

48. കലിംഗയുദ്ധാനന്തരം മാനസിക പരിവർത്തനം വന്ന ചക്രവർത്തി?

a. അക്ബർ ചക്രവർത്തി

b. അശോക ചക്രവർത്തി

c. ഝാൻസി റാണി

d. ബാബർ

49. അരങ്ങു കാണാത്ത നടൻ ആരുടെ കൃതിയാണ്?

a. ഭരത് മുരളി

b. ഭരത് ഗോപി

c. തിക്കോടിയൻ

d. തിലകൻ

50. ആത്മകഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

a. ആത്മകഥകളുടെ കഥ

b. ആത്മാവില്ലാത്ത കഥ

c. ജീവിതകഥ

d. സ്വന്തം ജീവിതകഥ

51. 'അഭിനയം അനുഭവം' ആരുടെ കൃതിയാണ്

a. തിക്കോടിയൻ

b. ഭരത് മുരളി

c. ഭരത് ഗോപി

d. തോപ്പിൽ ഭാസി

52. ബഷീറിന്റെ കൃതിയല്ലാത്തത്?

a. പ്രേമലേഖനം

b. പാത്തുമ്മയുടെ ആട്

c. മാമ്പഴം

d. പൂവൻപഴം

53. വിഗ്രഹിച്ചെഴുതുക?

ദിനകൃത്യങ്ങൾ

a. ദിനവുമുള്ള കൃത്യങ്ങൾ

b. ദിനവുമുള്ളതല്ലാത്ത കൃത്യങ്ങൾ

c. ഇടയ്ക്കിടെ നടത്തുന്ന കൃത്യങ്ങൾ

d. ഒരിക്കലും നടത്താത്ത കൃത്യങ്ങൾ

54. 'ഒരു മനുഷ്യൻ' എന്ന കഥയുടെ അടിസ്ഥാന സാരം എന്ത്?

a. മനുഷ്യൻ ഒരു ഭീകരജീവിയാണ്

b. മനുഷ്യന്റെ ഉള്ളിൽ നന്മയുടെ കണിക പോലുമില്ല

c. മനുഷ്യൻ അഹങ്കാരമുള്ളവനാണ്

d. നന്മ എല്ലാ മനുഷ്യരിലും സഹജമായി പ്രവർത്തിക്കുന്നു.

55. ബഷീറിന്റെ ജന്മസ്ഥലം?

a. വൈക്കത്തെ ചെമ്പിൽ

b. വൈക്കത്തെ ഉദയനാപുരത്ത്

c. വൈക്കത്തെ തലയോലപ്പറമ്പിൽ

d. ബേപ്പൂർ

56. ബഷീറിന്റെ ചരമദിനം?

a. ജൂലൈ 5

b. ജൂലൈ 1

c. ജൂൺ 5

d. ജൂൺ 3

57. ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് ബഷീർ ജയിലിലായ വർഷം?

a. 1930

b. 1931

c. 1935

d. 1945

58. കാറ്റുള്ളപ്പോൾ പാറ്റണമല്ലോ! അർത്ഥമെന്ത്?

a. അവസരങ്ങൾ പ്രയോജനപ്പെടുത്തണം

b. കാറ്റുള്ളപ്പോൾ നെല്ല് പാറ്റണം

c. അവസരങ്ങൾ പ്രതീക്ഷിച്ച് നിൽക്കണം

d. അവരസങ്ങൾ വിട്ടുകളയണം

59. ജപ്പാനിലെ പരമ്പരാഗതമായ ഉത്സവം?

a. ഹിനാമാത്സുരി

b. കിമോണ

c. ഓസറ

d. മരുഭൂ ഉത്സവം

60. ചലച്ചിത്രത്തിന്റെ പൊരുൾ ആരുടെ ഗ്രന്ഥമാണ്?

a. അടൂർ ഗോപാലകൃഷ്ണൻ

b. മധു ഇറവങ്കര

c. പി വിജയകൃഷ്ണൻ

d. പി പി രാമചന്ദ്രൻ

61. ദൃശ്യഭാഷയുടെ ഷേക്സ്പിയർ എന്നറിയപ്പെടുന്നത്?

a. വില്യം ഷേക്സ്പിയർ

b. വാൾട്ട് ഡിസ്നി

c. കിം കി ഡുക്ക്

d. അക്കീര കുറസോവ

62. തിരക്കഥ എന്നാൽ എന്ത്?

a. തിരശ്ശീലയെഴുതുന്ന കഥ

b. തിരമാലകളെക്കുറിച്ചുള്ള കഥ

c. വെള്ളിത്തിരയ്ക്കു വേണ്ടിയുള്ള കഥ

d. തിരക്കിട്ട് എഴുതിയ കഥ

63. പീച്ച് പുഷ്പങ്ങൾ വാങ്ങാം. പക്ഷെ നിറയെ പുഷ്പിച്ചു നിൽക്കുന്ന പൂന്തോട്ടത്തെ എവിടെ നിന്ന് വാങ്ങാനാവും. താഴെപ്പറയുന്നവയിൽ ഇതുമായി സാമ്യമുള്ള ആശയം ഏതാണ്?

a. കാശ് കൊടുത്ത് പൂവും പൂന്തോട്ടവും വാങ്ങാം

b. വസന്തം പ്രകൃതിയുടെ വരദാനമാണ്, അതിനെ വിലയ്ക്ക് വാങ്ങാനാവില്ല

c. പീച്ച് പുഷ്പങ്ങൾ വിലകൊടുത്തു വാങ്ങാം പക്ഷെ പൂന്തോട്ടത്തിന് വില കൂടുതലായതിനാൽ

d. വില കൂടുതലായതിനാൽ പൂന്തോട്ടം വാങ്ങണ്ട

64. പീച്ച് പൂന്തോട്ടത്തിലെ ആറാമത്തെ പെൺകുട്ടി ആരാവാം?

a. പ്രകൃതി

b. മുത്തശ്ശി

c. രാജ്ഞി

d. മഞ്ഞ്

65. ജാപ്പനീസിന്റെ പാരമ്പര്യ വസ്ത്രം?

a. കിമോണ

b. സാൽവർ

c. ദുപ്പട്ട

d. പലാസ

66. അകിര കുറസോവയുടെ സിനിമ അല്ലാത്തത് ഏത്?

a. ടോഹിരോ വിഫുൻ

b. റാഷമൺ

c. സ്പ്രിംഗ് സമ്മർ ഫാൾ വിന്റർ & സ്പ്രിംഗ്

d. റാൻ

67. പാവയുത്സവം ആഘോഷിക്കുന്നത് എന്തിനാണ്?

a. പീച്ച് പുഷ്പങ്ങളെ വിൽക്കുന്നതിന

b. പീച്ച് പുഷ്പങ്ങളെ വരവേൽക്കാനാണ്

c. പീച്ച് പുഷ്പങ്ങളെ കയറ്റുമതി ചെയ്യുന്നതിന

d. മരങ്ങൾ നശിപ്പിക്കുന്നതിന

68. അകിര കുറസോവയുടെ പീച്ച് പൂന്തോട്ടം പരിഭാഷപ്പെടുത്തിയത് ആര്?

a. നദീം നൗഷാദ്

b. എം എ നിഷാദ്

c. ഒ വി വിജയൻ

d. സലീം അലി

69. ശൂന്യമായ തോട്ടത്തിൽ പുഷ്പിച്ചു നിൽക്കുന്ന ഒറ്റച്ചെടി എന്തിന്റെ പ്രതീകമാണ്?

a. രാജാവ്

b. പ്രകൃതി

c. ഉത്സവം

d. മരണം

70. സിനിമയുടെ അടിസ്ഥാന രൂപമാണ്?

a. ഛായാഗ്രഹണം

b. തിരക്കഥ

c. സംവിധാനം

d. അഭിനയം

71. സിനിമ പ്രധാനമായും ആരുടെ പൂർണ്ണമായും കലയാണ് എന്ന് പറയാം?

a. അഭിനേതാവിന്റെ

b. തിരക്കഥാകൃത്തിന്റെ

c. നിർമ്മാതാവിന്റെ

d. സംവിധായകന്റെ

72. പീച്ച് പൂന്തോട്ടം ഉൾപ്പെടുന്ന ഡ്രീംസ് എന്ന ഹ്രസ്വ ചലച്ചിത്ര പരമ്പരയിൽ എത്ര സിനിമകളുണ്ട്?

a. 8

b. 11

c. 6

d. 12

73. ‘സിനിമയുടെ ലോകം’ എന്ന പുസ്തകത്തിന്റെ രചയിതാവ്?

a. മോഹൻലാൽ

b. ഇന്നസെന്റ്

c. അടൂർ ഗോപാലകൃഷ്ണൻ

d. സത്യൻ അന്തിക്കാട്

74. നമുക്ക് വിലയ്ക്ക് വാങ്ങാൻ ആവാത്തത്?

a. പൂക്കൾ

b. ഭക്ഷണം

c. തുണികൾ

d. സ്നേഹം

75. വിഗ്രഹിച്ചെഴുതുക, വഴിയോരക്കാഴ്ചകൾ?

a. വഴിയോരത്തെ കാഴാചകൾ

b. വഴിമധ്യത്തെ കാഴ്ചകൾ

c. വഴിയുള്ളയിടത്തെ കാഴ്ചകൾ

d. വഴി നീളെയുള്ള കാഴ്ചകൾ

76. 'മുച്ചീട്ടുകളിക്കാരന്റെ മകൾ' ആരുടെ കൃതിയാണ്?

a. തകഴി

b. ബഷീർ

c. ഉറൂബ്

d. കേശവദേവ്

77. 'ഉജ്ജയിനി' ആരുടെ കവിതയാണ്?

a. ഒ എൻ വി

b. റഫീക്ക് അഹമ്മദ്

c. ചങ്ങമ്പുഴ

d. വൈലോപ്പിള്ളി

## ഉത്തരസൂചിക

1. **ജി.കുമാരപിള്ള**
2. **ഇളം ചൂട്**
3. **സ്നേഹത്തിന്റെ വർത്തമാനം**
4. **സ്നേഹം**
5. **ഇടശ്ശേരി**
6. **പീലി**
7. **കാവിലെ പാട്ട്**
8. **ഇടശ്ശേരി ഗോവിന്ദൻ നായർ**
9. **ഈഷൽ**
10. **ഇടശ്ശേരി**
11. **കമ്മതിൽ**
12. **ദ്രുതം**
13. **തേനീച്ചക്കൂട്**
14. **നാടകം**
15. **കിനാവുകൾ പോലും കടുപ്പമേറിയതായിരുന്നു**

16. ഒ.എൻ.വി
17. ടി.പത്മനാഭൻ
18. ബിരിയാണി
19. കുട്ടിയുടെ മുഖത്തെ ക്ഷീണഭാവം
20. ഭയമുണ്ടായിരുന്നതിനാൽ
21. മനോഹരമായ കണ്ണുകളിൽ
22. ക്ഷമയില്ലാതെ ഞാൻ വീട്ടിലിരുന്നു
23. ടി പത്മനാഭൻ
24. കെ.പി.കേശവമേനോൻ
25. മനസ്സിന്റെ സ്ഥിതിയും പ്രവർത്തനഗതിയും
26. കെ പി കേശവമേനോൻ
27. ഒന്ന് ചീഞ്ഞ് മറ്റൊന്നിന് വളമാകും
28. ബാല്യകാലസഖി
29. തോപ്പിൽഭാസി
30. സത്യസന്ധതയും നിഷ്ക്കളങ്കതയും പരസ്പരം വിശ്വാസവും കൂട്ടുത്തരവാദിത്വവും ഉണ്ടായിരുന്നു.
31. ഇടശ്ശേരി
32. ബോധമുള്ള
33. ഒരാൾ ലോക നേതാവാകുന്നത് അയാൾ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കാനും ഉണർത്താനും ശ്രമിക്കുന്നതിലൂടെയാണ്
34. റ്റോമോസ്കൂൾ
35. വികാരാധീനൻ
36. പുറത്തേക്ക് പോകുക
37. അശ്വമേധം
38. തിരശ്ശീല
39. ചെണ്ട കൊട്ടിക്കുക
40. സി വി ബാലകൃഷ്ണൻ
41. നാടകം

42. പെട്രോമാക്സ്
43. പലവ്യഞ്ജനക്കട
44. വൈക്കം മുഹമ്മദ് ബഷീർ
45. പ്രഭ
46. ദയവ്
47. കെ പി കേശവമേനോൻ
48. അശോക ചക്രവർത്തി
49. തിക്കോടിയൻ
50. സ്വന്തം ജീവിതകഥ
51. ഭരത് ഗോപി
52. മാമ്പഴം
53. ദിനവുമുള്ള കൃത്യങ്ങൾ
54. നന്മ എല്ലാ മനുഷ്യരിലും സഹജമായി പ്രവർത്തിക്കുന്നു.
55. വൈക്കത്തെ തലയോലപ്പറമ്പിൽ
56. ജൂലൈ 5
57. 1930
58. അവസരങ്ങൾ പ്രയോജനപ്പെടുത്തണം
59. ഹിനാമാത്സുരി
60. പി വിജയകൃഷ്ണൻ
61. അക്കീര കുറസോവ
62. വെള്ളിത്തിരയ്ക്കു വേണ്ടിയുള്ള കഥ
63. വസന്തം പ്രകൃതിയുടെ വരദാനമാണ്, അതിനെ വിലയ്ക്ക് വാങ്ങാനാവില്ല
64. പ്രകൃതി
65. കിമോണ
66. സ്പ്രിംഗ് സമ്മർ ഫാൾ വിന്റർ ആന്റ് സ്പ്രിംഗ്
67. പീച്ച് പുഷ്പങ്ങളെ വരവേൽക്കാൻ
68. നദീം നൗഷാദ്
69. പ്രകൃതി

70. തിരക്കഥ
71. സംവിധായകന്റെ
72. എട്ടാമത്തെ സിനിമ - പീച്ച് പൂന്തോട്ടം
73. അടൂർ ഗോപാലകൃഷ്ണൻ
74. സ്നേഹം
75. വഴി നീളെയുള്ള കാഴ്ചകൾ
76. ബഷീർ
77. ഒ എൻ വി

# USS

# കല

# പാർട്ട് ബി യുടെ ഭാഗം

1. കേരള കലാമണ്ഡലം എവിടെ സ്ഥിതി ചെയ്യുന്നു?

   (കടുത്തുരുത്തി, **ചെറുതുരുത്തി**, മാന്തുരുത്തി, വെള്ളുരുത്തി)

2. ഒരു ശ്രവ്യ കലയാണ്

   (നാടകം, നൃത്തം, തുള്ളൽ, **സംഗീതം**)

3. കേളികൊട്ട് ഏതു കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?

   (മാർഗ്ഗം കളി, യക്ഷഗാനം, **കഥകളി**, കാക്കരിശ്ശി നാടകം)

4. കേരളത്തിന്റെ തനതായ ലാസ്യ നൃത്തകലാരൂപമാണ്

   (ഭരതനാട്യം, ചാക്യാർ കൂത്ത്, **മോഹിനിയാട്ടം**, ചവിട്ടു നാടകം)

5. കൊമ്പ്, ഇലത്താളം, തിമില, ശംഖ് ഇവ കൂടാതെ പഞ്ചവാദ്യത്തിലുള്ള വാദ്യമാണ്

   (ചെണ്ട, ഇടയ്ക്ക, ചേങ്ങില, **മദ്ദളം**)

6. ചെട്ടികുളങ്ങര ഭഗവതീ ക്ഷേത്രത്തിൽ നടക്കുന്ന ദ്രാവിഡ അനുഷ്ഠാന കലാരൂപമാണ്

   (പടയണി, **കുത്തിയോട്ടം,** തെയ്യം, തിര)

7. യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപം

   (**കൂടിയാട്ടം,** പടയണി, കൂത്ത്, മോഹിനിയാട്ടം)

8. ഒരു ഗോത്രവർഗ്ഗ കലാരൂപമാണ്

   (ഗദ്ദിക, തുള്ളൽ, കൂത്ത്, കോൽകളി)

9. ഇടയ്ക്ക വാദ്യമായി ഉപയോഗിക്കുന്ന ക്ഷേത്രകലാരൂപം?

   (അയ്യപ്പൻ പാട്ട്, കുത്തിയോട്ടപ്പാട്ട, **സോപാന സംഗീതം,** കഥകളി)

10. കോലം എടുത്തുവരവ് ഏത് കലാരൂപവുമായി ബന്ധപ്പെട്ട ചടങ്ങാണ്?

    (ശീതങ്കൻ തുള്ളൽ, ഓട്ടൻ തുള്ളൽ, **പടയണി**, പറയൻ തുള്ളൽ)

11. ചായൽ (പതിഞ്ഞതാളക്രമം) മുറുക്കം (ദ്രുതതാളം) ഇവ ഏതു കലാരൂപമായി ബന്ധപ്പെട്ടിരിക്കുന്നു?

    (കുമ്മാട്ടി, കോൽകളി, പടയണി, **ഒപ്പന)**

12. കേരളീയ സംസ്ക്കാരത്തിന്റെയും ക്രിസ്തീയ ആചാരത്തിന്റെയും സമന്വയ കലാരൂപം?

    (ചവിട്ടു നാടകം, പൂരക്കളി, **മാർഗ്ഗംകളി,** പരിചമുട്ടുകളി)

13. പാതിരാപ്പൂച്ചൂടൽ ഏത് കലാരൂപവുമായി ബന്ധപ്പെട്ട ചടങ്ങാണ്?

    (നാടോടി നൃത്തം, കുമ്മാട്ടി, ഒപ്പന, **തിരുവാതിര**)

14. 2019 ലെ ജെ സി ഡാനിയേൽ പുരസ്ക്കാരം നേടിയതാര്?

(ഹരിഹരൻ, ഷീല, അടൂർ ഗോപാലകൃഷ്ണൻ, **മമ്മൂട്ടി**)

15. 2020 ഓസ്ക്കാറിലേക്ക് പരിഗണിയ്ക്കപ്പെട്ട മലായള സിനിമ?

(ദൃക്യം, **ജെല്ലിക്കെട്ട്,** വെള്ളം, ആൻഡ്രോയിഡ് കുഞ്ഞപ്പൻ)

## കല

## ഉത്തരസൂചിക

1. ചെറുതുരുത്തി
2. സംഗീതം
3. കഥകളി
4. മോഹിനിയാട്ടം
5. മദ്ദളം
6. കുത്തിയോട്ടം
7. കൂടിയാട്ടം
8. ഗദ്ദിക
9. സോപാന സംഗീതം
10. പടയണി
11. ഒപ്പന
12. മാർഗ്ഗംകളി
13. തിരുവാതിര
14. മമ്മൂട്ടി
15. ജെല്ലിക്കെട്ട്